"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എ. തോമസിനെതിരായ നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1415/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/07/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 17.11.2014-ലെ ഇ8 (ക്യവി28/12/ടിഎസ്ആർ)21182/2012നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 01.01.2015-ലെ 15327/ഡി3/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 18.06.2016-ലെ 61/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 പഞ്ചായത്ത് ഡയറക്ടറുടെ 31.08.2016-ലെ ഡി7-21006/16 നമ്പർ കത്ത്

5 പഞ്ചായത്ത് ഡയറക്ടറുടെ 12.12.2017-ലെ ഡി7-21006/2016 നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിൽ ബസ് സ്റ്റാന്റ് അറ്റകുറ്റപ്പണികളിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ സത്വരാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. മാള ഗ്രാമപഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ് യാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പ്രോജക്ട് നം.239/ബിആർ/10-11 ആയി ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ആയത് പ്രകാരം ശ്രീ. എം.എൽ. രവി എന്ന കരാറുകാരന് പഞ്ചായത്ത് ഭരണസമിതി കരാർ അനുവദിക്കുകയും പണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാള ബസ് സ്റ്റാന്റ് യാർഡിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് രണ്ടാംഘട്ട പ്രോജക്ടിലെ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും അതുപ്രകാരം കുറഞ്ഞ ടെണ്ടർ ക്വാട്ട് ചെയ്ത ശ്രീ. സി.എൽ. പിന്റോ എന്ന കരാറുകാരനായിരുന്നെന്നും എന്നാൽ ഒന്നാംഘട്ട കരാറുകാരനായിരുന്ന ശ്രീ. രവിയെക്കൊണ്ടു തന്നെ ചെയ്യിപ്പിച്ചതായും ടി പ്രോജക്ടിന് പഞ്ചായത്തിന്റെ അനുമതിയോ സാങ്കേതിക അനുമതിയോ ഒന്നും ലഭിച്ചിരുന്നില്ലായെന്നും രണ്ടാംഘട്ട ടെണ്ടർ ഏറ്റെടുത്ത ശ്രീ. പിന്റോയ്ക്ക് നിയമപ്രകാരം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയാണെങ്കിൽ ലഭിക്കേണ്ടതായ ലാഭവിഹിതം ലഭിക്കാതിരിക്കുകയും അനധികൃതമായി ഒന്നാംഘട്ട കരാറുകാരനായ ശ്രീ. എം.എൽ. രവിയെക്കൊണ്ടുതന്നെ പ്രസ്തുത പ്രവൃത്തികൾ ചെയ്യിപ്പിച്ചതുവഴി അനർഹമായ ലാഭവിഹിതം ടിയാന് ലഭിക്കാനിടവന്നിട്ടുണ്ടെന്നും ഇത്തരത്തിൽ സ്വജന പക്ഷപാതവും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതും വഴി മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നും കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്നും, ശ്രീ. വി.എ. തോമസിനെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ ശ്രീ. വി.എ. തോമസിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചുവെങ്കിലും ശ്രീ. വി.എ. തോമസ് 31.03.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതായി

പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമ പഞ്ചായത്തിലെ ബസ് സ്റ്റാന്റ് അറ്റകുറ്റപ്പണിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.വി.എ.തോമസിനും പ്രസിഡന്റ് ശ്രീമതി. ഇന്ദിരാ ശിവരാമനും മറ്റ് മൂന്ന് പേർക്കുമെതിരെ വി.സി.09/2017/ടി.എസ്.ആർ നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായി വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാള ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി.എ. തോമസ് 31.03.2015-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനു ശേഷമാണ് കുറ്റപത്രം നൽകിയിട്ടുള്ളത് എന്നതിനാൽ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലായെന്ന് കണക്കാക്കാവുന്നതാണ്. വിജിലൻസ് റിപ്പോർട്ടിനാധാരമായ ക്രമക്കേട് നടന്നിരിയ്ക്കുന്നത് 2011-ൽ ആയതിനാൽ കെ.എസ്.ആർ ഭാഗം III ചട്ടം 3 (ബി) പ്രകാരം നിലവിൽ അച്ചടക്കനടപടി ആരംഭിയ്ക്കാൻ കഴിയുകയില്ല. മേൽ വസ്തുതകൾ പരിഗണിച്ച് വി.സി.09/2017/ടി.എസ്.ആർ കേസിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന വ്യവസ്ഥയോടുകൂടി കൃൂവി 28/2012/ടി.എസ് ആർ സത്വരന്വേഷണ റിപ്പോർട്ടുമായി ബന്ധപ്പെട്ട് മാള ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ വി.എ. തോമസിനെതിരെയുള്ള നടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. വി.എ. തോമസ്, മുൻ സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി3/910/2018/വിജി. തീയതി 15.01.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/61/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ